# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *63 — 30.11.2018-ൽ മറുപടിയ്ക്ക്.

## പാലുൽപാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.എം.രാജഗോപാലൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാനായ നേട്ടം വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 2017-18 വർഷത്തിൽ 10518 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ 11527 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഇതിന്റെ ഫലമായി ഇതേ കാലയളവിൽ ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള പാൽ സംഭരണത്തിൽ മാത്രം ഏകദേശം 12.20% വർദ്ധനവ് ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>മിൽമയുടെ മലബാർ മേഖല യൂണിയനിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി സഹകരണ മേഖലയിൽ സംഭരിക്കുന്ന പാലിൽ 2018-19 വർഷം ഒക്ടോബർ 31 വരെ മുൻ വർഷത്തേക്കാൾ 4% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br>എറണാകുളം മേഖലാ യൂണിയന്റെ സംഭരണവും വിതരണവും തമ്മിലുള്ള വ്യത്യാസം ഏകദേശം 25000 ലിറ്റർ ആക്കി കുറയ്ക്കുന്നതിനും സാധിച്ചു |
| (ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേക്ക് നിയന്ത്രണമില്ലാതെ കൊണ്ടുവരുന്നത്, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധിക ചെലവിൽ ക്ഷീരോല്പാദനം നടത്തുന്ന കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; | (ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധിക ചെലവിൽ ക്ഷീരോല്പാദനം നടത്തുന്ന കേരളത്തിലെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>കറവപശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനും കർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, തീറ്റപ്പുൽകൃഷി നടത്തുന്നതിനാവശ്യമായ സഹായങ്ങളും നൽകുന്നു. കൂടാതെ കർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4/-രൂപ വരെ സഹായം ഇൻസെന്റീവായി നൽകുന്നുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും മായം കലർത്തി ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്കു കൊണ്ട് വരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തി മായം കലർന്ന |

പാലിന്റെ സംസ്ഥാനത്തേയ്ക്കുള്ള വരവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെ കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ക്ഷീര കർഷകരെ പ്രസ്തുത രംഗത്ത് നിന്ന് പിന്നോട്ടടിപ്പിക്കുന്ന തരത്തിൽ മിൽമ ചില കാലങ്ങളിൽ പാൽ സംഭരണത്തിന് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നതിനും ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) വർദ്ധിച്ച തോതിൽ പാലുല്പാദനം ഉണ്ടാകുന്ന സീസണുകളിൽ പാൽ സംഭരണത്തിന് മിൽമ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് ഒഴിവാക്കി കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കുന്നതിനുള്ള നടപടികൾ അതാത് സമയത്ത് സ്വീകരിച്ചിട്ടുണ്ട്.

മിൽമയും, എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകളും പാൽ സംഭരണത്തിൽ നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ മലബാർ മേഖലാ യൂണിയൻ മിൽമയ്ക്ക് പാൽ നൽകുന്ന 6 ജില്ലകളിലായുള്ള 1100 ൽപ്പരം ക്ഷീര സംഘങ്ങളിൽ പാലക്കാട് ജില്ലയിലെ കേരള തമിഴ്നാട് അതിർത്തിയിലുള്ള 52 സംഘങ്ങൾക്ക് മാത്രമാണ് നിയന്ത്രണമേർപ്പെടുത്തി-യിട്ടുള്ളത്. താരതമ്യേന വിലകുറഞ്ഞ പാൽ ധാരാളമായി തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് കടന്നുവരുന്നത് നിയന്ത്രിക്കുവാനാണ് മേൽ പറഞ്ഞ സംവിധാനം മിൽമ മലബാർ മേഖലാ യൂണിയൻ ഏർപ്പെടുത്തിയത്.

പൊതുമേഖല, സഹകരണ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തി, ന്യായമായവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 20,000 രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ സ്വകാര്യവ്യക്തികളുടെയും സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസംഘങ്ങൾ മുഖേനയോ, കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ മുഖേനയോ തീറ്റപ്പുൽകൃഷി നടത്തുകയും ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

മിൽമയുടെയും മേഖലായൂണിയനുകളുടെയും കീഴിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**